**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1877** **08-10-2021 - ൽ മറുപടിയ്ക്ക്**

**കന്നുകാലികളെ വളർത്തുന്നവർക്ക് ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കന്നുകാലികളെ വളർത്തുന്നവർക്ക് മൃഗസംരക്ഷണ, ക്ഷീരവികസന വകുപ്പിൽ നിന്നും ലഭ്യമായിക്കൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ, സബ്സിഡികൾ എന്നിവ വിശദമാക്കാമോ? | (എ) | മൃഗസംരക്ഷണ വകുപ്പ് കന്നുകാലികളെ വളർത്തുന്നവർക്ക് നൽകുന്ന സബ്സിഡി/ ആനുകൂല്യങ്ങൾ ചുവടെ ചേർക്കുന്നു. 1. ഗോവർദ്ധിനി പദ്ധതി -കന്നുകുട്ടി പരിപാലന പദ്ധതി - പശുക്കുട്ടികളുടെ ശാസ്ത്രീയ പരിപാലനത്തിനായി സബ്സിഡി നിരക്കിൽ തീറ്റയും ഇൻഷ്വറൻസ് പരിരക്ഷയും നൽകുന്നു. ഒരു പശുക്കുട്ടിക്ക് 12,500/- രൂപയുടെ സഹായം. 2. കറവയന്ത്ര വിതരണ പദ്ധതി - കറവയന്ത്രം സ്ഥാപിക്കാൻ ഒരു ഗുണഭോക്താവിന് 25,000/- രൂപയുടെ സഹായം. 3. താറാവ് വളർത്തൽ പദ്ധതി - ഒരു ഗുണഭോക്താവിന് 2 മാസം പ്രായമായ 10 താറാക്കുഞ്ഞുങ്ങളെ വളർത്താൻ 1,200/- രൂപയുടെ സഹായം ലഭിയ്ക്കും. 4. ചെറുകിട ആട് വളർത്തൽ പദ്ധതി - ഒരു ഗുണഭോക്താവിന് 5 പെണ്ണാട്ടും ഒരു മുട്ടനാട്ടും വളർത്താൻ 25,000/- രൂപയുടെ സഹായം ലഭിയ്ക്കും. 5. ഗോസമൃദ്ധി - സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി - കന്നുകാലികളെ ഇൻഷ്വർ ചെയ്യാൻ പ്രീമിയം ഇനത്തിൽ സബ്സിഡി നൽകുന്നു. ഉടമസ്ഥന് മാനദണ്ഡമനുസരിച്ച് ഇൻഷ്വറൻസ് പരിരക്ഷ. 6. കർഷകർക്ക് നഷ്ടപരിഹാരം - വന്യമൃഗങ്ങളുടെ ആക്രമണം, ഇടിമിന്നൽ, മുങ്ങിമരണം, വൈദ്യുതാഘാതം, സൂര്യതാപം, മറ്റ് അപകടങ്ങൾ, പ്രകൃതിദുരന്തം, ആന്ത്രാക്സ്, പേവിഷബാധ, ആട് വസന്ത, താറാവ് വസന്ത, പക്ഷിപ്പനി തുടങ്ങിയവ മൂലം ഉരുക്കൾ, കോഴി, താറാവ് എന്നിവ മരിച്ചാൽ ഇൻഷ്വറൻസ് പരിരക്ഷ ഇല്ലെങ്കിൽ നഷ്ടപരിഹാരം നൽകുന്ന പദ്ധതി. 7. വ്യാവസായികാടിസ്ഥാനത്തിൽ ആട് വളർത്തൽ പദ്ധതി - ഒരു ഗുണഭോക്താവിന് 19 പെണ്ണാട്ടും ഒരു മുട്ടനാട്ടും അടങ്ങുന്ന യൂണിറ്റ് സ്ഥാപിക്കുന്നതിന് 1 ലക്ഷം രൂപ സഹായം. 8. മാംസാവശ്യത്തിന് പോത്തുകുട്ടി വളർത്തൽ പദ്ധതി - പോത്തുകുട്ടികളെ മാംസാവശ്യത്തിനായി വളർത്തി |

| | | | |
|---|---|---|---|
| | | | വിൽക്കുന്നതിന് യൂണിറ്റ് ഒന്നിന് 10,000/- രൂപ സഹായം. 9. ലോണുകൾക്ക് പലിശയിനത്തിൽ സബ്സിഡി. - മൃഗസംരക്ഷണാവശ്യങ്ങൾക്കുള്ള ലോണുകൾക്ക് പലിശയിനത്തിൽ പരമാവധി 5,000/- രൂപ വരെ സബ്സിഡി ലഭിയ്ക്കും. 10. ശാസ്ത്രീയമായ മാലിന്യ സംസ്കരണ സംവിധാനം സ്ഥാപിക്കൽ പദ്ധതി - ചാണകത്തിൽ നിന്ന് ജൈവ വളം നിർമ്മിച്ച് ശാസ്ത്രീയമായ മാലിന്യ സംസ്കരണ സംവിധാനം സ്ഥാപിക്കുന്നതിന് ഒരു ഗുണഭോക്താവിന് 12500/- രൂപയുടെ ധനസഹായം ലഭിക്കും. ക്ഷീരവികസന വകുപ്പ് 1. മിൽക്ക് ഷെഡ് വികസന പദ്ധതി ഗോധനം (സങ്കര ഇനം) സബ്സിഡി 35,000/-രൂപ 2. ഗോധനം (തനത് ഇനം) സബ്സിഡി 36,500/-രൂപ 3. രണ്ട് പശു യൂണിറ്റ് സബ്സിഡി 69,000/-രൂപ 4. അഞ്ച് പശു യൂണിറ്റ് സബ്സിഡി 1,84,000/-രൂപ 5. പത്ത് പശു യൂണിറ്റ് സബ്സിഡി 3,83,000/-രൂപ 6. കോമ്പോസിറ്റ് ഡയറി യൂണിറ്റ് (1 പശു + 1 കിടാരി) സബ്സിഡി 53,000/-രൂപ 7. കോമ്പോസിറ്റ് ഡയറി യൂണിറ്റ് (3 പശു + 2 കിടാരി) സബ്സിഡി 1,50,000/-രൂപ 8. കോമ്പോസിറ്റ് ഡയറി യൂണിറ്റ് (6 പശു + 4 കിടാരി) സബ്സിഡി 2,92,000/-രൂപ 9. കാലിത്തൊഴുത്ത് നിർമ്മാണം/നവീകരണം സബ്സിഡി 50,000/-രൂപ 10. കിടാരി പാർക്ക് സർക്കാർ ധന സഹായം 15 ലക്ഷം/-രൂപ 11. തീറ്റപ്പുൽകൃഷി വ്യാപനം (20 സെന്റിൽ കൂടുതൽ) സെന്റിന് 50/- രൂപ ധന സഹായം 12. തരിശുഭൂമിയിൽ തീറ്റപ്പുൽകൃഷി ലഭിക്കുന്ന ധനസഹായം 93,007/- രൂപ 13. തീറ്റപ്പുൽകൃഷിയും വിതരണവും (SHG, ക്ഷീരസംഘങ്ങൾ, വനിതാ ഗ്രൂപ്പുകൾ) ലഭിക്കുന്ന ധനസഹായം 75,000 /- രൂപ 14. ഹൈഡ്രോപോണിക് സിസ്റ്റം (2 പശു യൂണിറ്റ്) ലഭിക്കുന്ന ധനസഹായം 80,000/- രൂപ 15. ഹൈഡ്രോപോണിക് സിസ്റ്റം (5 പശു യൂണിറ്റ്) ലഭിക്കുന്ന ധനസഹായം 1,13,000/- രൂപ 16. ഹൈഡ്രോപോണിക് സിസ്റ്റം (10 പശു യൂണിറ്റ്) ലഭിക്കുന്ന ധനസഹായം 1,45,000/- രൂപ 17. അവശ്യാധിഷ്ഠിത ധന സഹായം ലഭിക്കുന്ന ധനസഹായം 50,000/- രൂപ 18. കറവയന്ത്രം ലഭിക്കുന്ന ധനസഹായം 30,000/- രൂപ |

സെക്ഷൻ ഓഫീസർ